# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.800** **30.10.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ പദ്ധതികൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അനിൽ അക്കര** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും അവരെ സമൂഹത്തിലെ മറ്റുവിഭാഗങ്ങൾക്കൊപ്പം എത്തിക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 23.07.2016-ലെ സ.ഉ(പി) 4/16/പജപവവിവ, പ്രകാരം 25% വർദ്ധിപ്പിച്ചു.<br>2. Polytechnic, B.Sc, M.sc (Computer Science), M.Sc (Electronics), MBBS, BAMS, BHMS, B.VSc & AH, MBA, B.Arch., M.Phil, P.hd എന്നീ കോഴ്സുകളെ ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തി.<br>3. ഐ.എച്ച്.ആർ.ഡി -യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി 2017-18 മുതൽ ബി.ടെക് വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അവർ പരാജയപ്പെടുന്ന പേപ്പറുകൾ എഴുതിയെടുക്കുവാൻ റമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>4.നൃത്ത/സംഗീതവിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>5. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിലെ ചെലവ് കണ്ടെത്തുന്നതിനായി 2,000/-രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.<br>7. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരുംഹോസ്റ്റൽ അന്തേവാസികളുമായവർക്ക് നൽകുന്ന താമസ ഭക്ഷണ ചെലവ് 3,500/- രൂപയിൽ നിന്നും 4,500/- രൂപയായി വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | 8. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനായി പഠനമുറി പണിയുന്നതിന് 2,00,000/- രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>9. സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള 12 ഗവ./എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ നൽകുന്ന പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നു.<br>10. പ്ലസ് ടു പഠന ത്തിനുശേഷം വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുന്ന പദ്ധതി 2019-20 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികൾ നടപ്പിലാക്കിയതോട്ടു കൂടി അവരുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായിട്ടുള്ള ഉയർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുക എന്ന നിലയിലാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി-ടെക് ബിരുദധാരികൾക്ക് ഉയർന്ന ഗേറ്റ് സ്കോർ നേടുന്നതിനായി പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | പ്രൊഫഷണൽ കോഴ്സുകളിൽ കൂടുതൽ പേർക്ക് പ്രവേശനം ഉറപ്പുവരുത്തുവാൻ എൻട്രൻസ് അധിഷ്ഠിത ട്യൂഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റം വ്യക്തമാക്കുമോ? | (ഡി) | മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുവാൻ 'വിഷൻ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്ലസ് വൺ, പ്ലസ് ടു പഠനത്തോടൊപ്പം നൽകുന്ന ടി പരിശീലന പദ്ധതിയ്ക്ക് 2 വർഷത്തേക്ക് 20,000/-രൂപ വരെ അനുവദിച്ചു നൽകുന്നു. സർക്കാർ/ സർക്കാർ അംഗീകൃത സ്കൂളുകളിൽ എസ്.എസ്.എൽ.സി പഠിച്ച് എല്ലാ വിഷയങ്ങൾക്കും ബി+-ൽ കുറയാത്ത ഗ്രേഡ് വാങ്ങി പ്ലസ് വൺ-ന് സയൻസ് ഗ്രൂപ്പെടുത്തു പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്കാണ് പ്ലസ് വൺ, പ്ലസ് ടു പഠനത്തോടൊപ്പം ഈ ധനസഹായം ലഭിക്കുന്നത്.<br>കൂടാതെ, പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 50,000/-രൂപ വീതം അനുവദിക്കുന്ന പദ്ധതിയും ഈ വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**